"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ് - ജീവനക്കാര്യം- കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.ടി.ഡി.സി) എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി. ഷീബ എസ്. കല്ലുവെട്ടം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി. അജിത കെ- അച്ചടക്ക നടപടി- തീർപ്പാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.412/2025/TSM തീയതി,തിരുവനന്തപുരം, 09-07-2025

---

പരാമർശം:-

1. കെ.ടിഡി.സി മാനേജിങ് ഡയറക്ടറുടെ 21.01.2020 ലെ KTDC/CAO/Accts/2019-20 നമ്പർ കത്ത്.
2. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 20.11.2021 ലെ ഇ2(വി.ഇ3/2020/ടി.വി.എം) 22369/2020 നമ്പർ റിപ്പോർട്ട്.
3. ശ്രീമതി ഷീബ എസ്. കല്ലുവെട്ടം എക്സിക്യൂട്ടീവ് എഞ്ചിനീയർ, ശ്രീമതി അജിത കെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്ക് നൽകിയ 06.01.2024 ലെ TOUR-B1/17/2020-TOUR നമ്പർ കുറ്റപത്രം/കുറ്റാരോപണ പത്രിക.
4. ശ്രീമതി ഷീബ എസ്. കല്ലുവെട്ടം, എക്സിക്യൂട്ടീവ് എഞ്ചിനീയർ(സിവിൽ) സമർപ്പിച്ച 27.02.2024 ലെ പ്രതിവാദ പത്രിക.
5. ശ്രീമതി അജിത കെ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ), സമർപ്പിച്ച 28.02.204 ലെ പ്രതിവാദ പത്രിക.
6. കെ.ടി.ഡി.സി മാനേജിംഗ് ഡയറക്ടറുടെ 07.05.2024 ലെ KTDC/MD/HC/2024 നമ്പർ കത്ത്.
7. 05.02.2025 ലെ സഉ(സാധാ) നം.63/2025/TSM നമ്പർ ഉത്തരവ്.
8. അഭിലാഷ് കുമാർ റ്റി.ജി, ജോയിന്റ് ഡയറക്ടർ സമർപ്പിച്ച 04.06.2025 ലെ അന്വേഷണ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

കേരള ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷന്റെ പരിധിയിൽ വരുന്ന ചൈത്രം ഹോട്ടലിലെ

52 റൂമുകളുടെ നവീകരണ പ്രവർത്തനങ്ങളോടനുബന്ധിച്ച് നടത്തിയ സിവിൽ വർക്കിലെ അപാകത സംബന്ധിച്ച് ആക്ഷേപം ഉണ്ടായതിനെതുടർന്ന് ഈ വിഷയത്തിൽ അന്വേഷണം നടത്തുവാൻ കെ.ടി.ഡി.സി മാനേജിംഗ് ഡയറക്ടർ ചുമതലപ്പെടുത്തിയ കമ്മിറ്റി, മാനദണ്ഡമനുസരിച്ചല്ലാതെ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ നിമിത്തം കെട്ടിടത്തിൽ വ്യാപകമായ ചോർച്ചയും ടോയ്‌ലറ്റ് സംവിധാനത്തിൽ അപാകതകളും സംഭവിച്ചുവെന്നുമുൾപ്പെടെയുള്ള കണ്ടെത്തലുകളോടെ, റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പരാമർശം (1) പ്രകാരം ടി റിപ്പോർട്ട് തുടർനടപടികൾക്കായി കെ.ടി.ഡി.സി മാനേജിംഗ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

2.സർക്കാർ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ, മേൽ ആക്ഷേപങ്ങളുമായി ബന്ധപ്പെട്ട് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തുകയും പരാമർശം (2) പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിൽ, കൃത്യമായ മേൽ നോട്ടമില്ലാതേയും ശരിയായ പരിശോധനകൾ കൂടാതെയും ശരിയായി മെഷർ ചെയ്യാതെയും പി.ഡബ്ല്യു.ഡി. മാന്വലിന് വിരുദ്ധമായി എം. ബുക്കുകളിൽ അളവുകൾ രേഖപ്പെടുത്തി രണ്ട് പാർട്ട് ബില്ലുകൾ തയ്യാറാക്കി നൽകിയ കെ.ടി.ഡി.സി.യി ലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി അജിത കെ.യ്ക്കെതിരെയും വർക്കുകൾ ശരിയായി മെഷർ ചെയ്യാതെ പി.ഡബ്ല്യു.ഡി. മാന്വലിന് വിരുദ്ധമായി രണ്ട് പാർട്ട് ബില്ലുകൾ കോൺട്രാക്ടർക്ക് പാസാക്കി നൽകിയ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ഷീബ എസ്. കല്ലുവെട്ടത്തിന് എതിരെയും ഉചിതമായ വകുപ്പുതല നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്തിരുന്നു.

3.പ്രസ്തുത ശുപാർശയുടെ അടിസ്ഥാനത്തിൽ, കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതിരെ 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടം 15 പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാളുകൾക്ക് പരാമർശം (3) പ്രകാരം കുറ്റപത്രം / കുറ്റാരോപണ പത്രിക എന്നിവ നൽകിയിരുന്നു.

4. പ്രവൃത്തിയുടെ നിർദ്ദിഷ്ട ഗുണനിലവാരം ഉറപ്പാക്കിയില്ല, പ്രവൃത്തി ശരിയായി മേൽനോട്ടം വഹിച്ചില്ല, പൊതുമരാമത്ത് മാനുവലിൽ നിഷ്കർഷിച്ചിരിക്കുന്നതിന് വിരുദ്ധമായി പ്രവൃത്തികൾ ചെക്ക് ചെയ്യാതെ M-ബുക്കിൽ അളവുകൾ രേഖപ്പെടുത്തി, നവീകരണ പ്രവർത്തികൾ പൂർത്തിയാക്കി നൽകേണ്ട 08.05.2018 മുതൽ 19.02.2019 വരെയുള്ള ഉദ്ദേശം 9 മാസക്കാലം പി.ഡബ്ല്യു.ഡി. മാന്വലിന് വിരുദ്ധമായി യാതൊരു കരാറുമില്ലാതെ വർക്ക് ചെയ്തത് വഴിയും ഈ നവീകരണ പ്രവർത്തിയുടെ സപ്ലിമെന്ററി കരാർ കാലാവധി അവസാനിച്ച 08.05.2018 മുതൽ 19.02.2019 വരെയുള്ള 9 മാസക്കാലം വർക്കുകൾ നീണ്ടു പോയതിനാൽ ഹോട്ടൽ മുറികൾ ഗസ്റ്റുകൾക്ക് നൽകാൻ കഴിയാതിരുന്നതും കാരണം, സർക്കാർ ഖജനാവിന്, റൂം ഒക്കുപൻസി ഇനത്തിൽ ലഭിക്കേണ്ടിയിരുന്ന 2 കോടി 86 ലക്ഷം രൂപയുടെ ആനുമാനിക നഷ്ടം വരുത്തി, മാനദണ്ഡ പ്രകാരം കരാറിലെ വ്യവസ്ഥകളും നിബന്ധനകളും പാലിക്കുന്നുണ്ട് എന്ന് ഉറപ്പാക്കിയില്ല, കീഴ് ഉദ്യോഗസ്ഥർക്ക് പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഉചിത മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയില്ല, ഔദ്യോഗിക കൃത്യനിർവഹണത്തിൽ ആത്മാർത്ഥതയും അർപ്പണമനോഭാവവും പുലർത്തിയില്ല എന്നതായിരുന്നു കുറ്റപത്രത്തിൽ ശ്രീമതി അജിത കെ.യ്ക്കെതിരെ കണ്ടെത്തിയ വീഴ്ചകൾ.

5. പ്രവൃത്തിയിൽ നിർദ്ദിഷ്ട ഗുണനിലവാരം ഉറപ്പാക്കിയില്ല, പ്രവൃത്തി ശരിയായി മേൽനോട്ടം

വഹിച്ചില്ല, പ്രവൃത്തികൾ ശരിയായി പരിശോധിക്കാതെയും വർക്ക് ബില്ലുകൾ സമർപ്പിക്കുന്നതിനു മുമ്പ് ക്വാളിറ്റി കൺട്രോൾ (QC) നിന്നും Quality Certificate വാങ്ങാതെയാണ് പാർട്ട് ബില്ലുകൾ മാറി നൽകിയത്, പ്രവൃത്തികളുടെ അളവ് (measurement) കൃത്യമായി measure ചെയ്യാതെ PWD മാന്വലിനു വിരുദ്ധമായി 2 പാർട്ട് ബില്ലുകൾ പാസാക്കി, പൊതുമരാമത്ത് മാനദണ്ഡ പ്രകാരം നിർവ്വഹണ സമയത്ത് പ്രവൃത്തികൾ കൃത്യമായി പരിശോധിച്ച് ആവശ്യമുള്ളയിടത്ത് നിർദ്ദേശങ്ങൾ നൽകുന്നതിൽ വീഴ്ച വരുത്തി, നവീകരണ പ്രവർത്തികൾ പൂർത്തിയാക്കി നൽകേണ്ട 08.05.2018 മുതൽ 19.02.2019 വരെയുള്ള ഉദ്ദേശം 9 മാസക്കാലം പി.ഡബ്ല്യു.ഡി. മാന്വലിന് വിരുദ്ധമായി യാതൊരു കരാറുമില്ലാതെ വർക്ക് ചെയ്യുത് വഴിയും ഈ നവീകരണ പ്രവർത്തിയുടെ സപ്ലിമെന്ററി കരാർ കാലാവധി അവസാനിച്ച 08.05.2018 മുതൽ 19.02.2019 വരെയുള്ള 9 മാസക്കാലം വർക്കുകൾ നീണ്ടു പോയതിനാൽ ഹോട്ടൽ മുറികൾ ഗസ്റ്റുകൾക്ക് നൽകാൻ കഴിയാതിരുന്നതും കാരണം, സർക്കാർ ഖജനാവിന്, റൂം ഒക്കുപൻസി ഇനത്തിൽ ലഭിക്കേണ്ടിയിരുന്ന 2 കോടി 86 ലക്ഷം രൂപയുടെ ആനുമാനിക നഷ്ടം വരുത്തി, ഔദ്യോഗിക കൃത്യനിർവഹണത്തിൽ ആത്മാർത്ഥതയും അർപ്പണമനോഭാവവും പുലർത്തിയില്ല എന്നതായിരുന്നു കുറ്റപത്രത്തിൽ ശ്രീമതി ഷീബ എസ് കല്ലുവെട്ടത്തിനെതിരെ കണ്ടെത്തിയ വീഴ്ചകൾ.

6. കുറ്റപത്രം/കുറ്റാരോപണ പത്രിക-യ്ക്ക് കുറ്റാരോപിതരായ ഉദ്യോഗസ്ഥർ ലഭ്യമാക്കിയ പരാമർശം (4) മുതൽ (5) വരെയുള്ള എതിർവാദ പത്രികകൾ അഭിപ്രായക്കുറിപ്പ് സഹിതം പരാമർശം (6) പ്രകാരം കെ.ടി.ഡി.സി മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കി.

7. ശ്രീമതി ഷീബ എസ്. കല്ലുവെട്ടം (എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ)), ശ്രീമതി അജിത കെ. (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികയിൽ ടിയാളുകളെ നേരിട്ട് കേൾക്കാൻ അവസരം നൽകണമെന്ന് അപേക്ഷിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ, വിനോദ സഞ്ചാര വകുപ്പ് അണ്ടർ സെക്രട്ടറി 28.09.2024-ന് ടിയാളുകളെ നേരിട്ട് കേൾക്കുകയുണ്ടായി.

8. തുടർന്ന്, പ്രസ്തുത വിഷയത്തിൽ ഔപചാരിക അന്വേഷണം നടത്തുന്നതിനായി അഡീഷണൽ ഡയറക്ടർ(ഹോസ്പിറ്റാലി)-യുടെ അധിക ചുമതലയുള്ള ജോയിന്റ് ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് പരാമർശം (7) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും, ഔപചാരിക അന്വേഷണം നടത്തി അന്വേഷണ ഉദ്യോഗസ്ഥൻ പരാമർശം (8) പ്രകാരം സർക്കാരിൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

9.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചൈത്രം ഹോട്ടലുമായി ബന്ധപ്പെട്ട നവീകരണ പ്രവൃത്തികൾ നടന്നു വരുന്ന കാലയളവിൽ എഞ്ചിനീയർ വിംഗിൽ മതിയായ ജീവനക്കാർ ഉണ്ടായിരുന്നില്ല എന്നതും, കോൺട്രാക്ടറുടെ ഡിഫക്ട് ലയബിലിറ്റി പീരീഡിനുള്ളിൽ തന്നെ എല്ലാ അപാകതകളും പൂർത്തീകരിച്ചതിനാൽ കെ.ടി.ഡി.സി-യ്ക്കോ സർക്കാരിനോ യാതൊരുവിധ കഷ്ടനഷ്ടങ്ങളും അധിക സാമ്പത്തിക ബാധ്യതയും ഉണ്ടായിട്ടില്ല എന്നതും കേരള ഹൈവേ റിസർച്ച് ഇൻസ്റ്റ്യൂട്ടിൽ നിന്നുള്ള വിദഗ്ധ സംഘം നടത്തിയ പരിശോധനയിൽ "at the time of inspection rooms and toilets were in good condition" എന്ന് റിപ്പോർട്ട് കണക്കിലെടുത്തും നവീകരണ പ്രവർത്തികൾ പൂർത്തീകരിയ്ക്കാൻ വേണ്ടി ഏർപ്പെട്ട സപ്പ്ളിമെന്ററി കരാറിന്റെ കാലാവധി അവസാനിച്ചിട്ടും 08/05/2018 മുതൽ 19/02/2019 വരെയുള്ള 9

മാസക്കാലം കരാറില്ലാതെ വർക്ക് ചെയ്യുത് ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്ന് വന്ന വീഴ്ച്ചയാണ് എന്നതും കണക്കിലെടുത്ത് കെ.ടി.ഡി.സി-യിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ഷീബ എസ്. കല്ലുവെട്ടം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി അജിത കെ. എന്നിവർക്കെതിരെ സ്വീകരിച്ചു വന്ന കഠിന ശിക്ഷയുള്ള അച്ചടക്ക നടപടി ലഘുശിക്ഷയായി കുറവ് ചെയ്ത്, 1960- ലെ കേരള സിവിൽ സർവീസസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ) ചട്ടങ്ങൾ ചട്ടം 11 (1) (i) പ്രകാരം 'Censure' നൽകി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ, തിരുവനനന്തപുരം
ശ്രീമതി. ഷീബ എസ്. കല്ലുവെട്ടം, എക്സിക്യൂട്ടീവ് എഞ്ചിനീയർ (കെടിഡിസി മാനേജിംഗ് ഡയറക്ടർ മുഖേന)
ശ്രീമതി അജിത കെ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(കെടിഡിസി മാനേജിംഗ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ)/ ആഡിറ്റ്, കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക വകുപ്പ്(വെബ് സൈറ്റിൽപ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

Signed by Archana T.
ഉത്തരവിൻ പ്രകാരം
Date: 10-07-2025 11:15:08

സെക്ഷൻ ഓഫീസർ

പകർപ്പ്:-
വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ സി.എ. യ്ക്ക്
വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്